ഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്**
**തിരുവനന്തപുരം**

നമ്പർ. **SBTE-1/19546/23/DTE** തീയതി: 29-07-2026

**പരിപത്രം**

വിഷയം:- സാങ്കേതിക വിദ്യാഭ്യാസം – സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എജ്യൂക്കേഷൻ- സ്വാശ്രയ പോളിടെക്നിക് സ്ഥാപനങ്ങൾ – തുടർ അഫിലിയേഷൻ ഫീസിന്റെ കുടിശികയും, ഇനീഷ്യൽ അഫിലിയേഷൻ ഫീസും – അടച്ചുതീർക്കുന്നത് സംബന്ധിച്ച്- നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

സൂചന :- 16/01/2026 ലെ സ. ഉ.(കൈ) നം.26/2025/HEDN നം സർക്കാർ ഉത്തരവ്

സംസ്ഥാനത്തെ സ്വകാര്യ സ്വാശ്രയ പോളിടെക്നിക് കോളേജുകളിൽ പുതുതായി ആരംഭിക്കുന്ന വിവിധ ഡിപ്ലോമ കോഴ്സുകളുടെ അഫിലിയേഷൻ ഫീസ് കോഴ്സ് ഒന്നിന് 50,000/- രൂപയായും, തുടരഫിലിയേഷൻ ഫീസ് 25,000/- രൂപയായും പുന:ക്രമീകരിച്ച് സൂചന പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. SBTE രൂപീകരിക്കപ്പെട്ടത് മുതൽ (2018 മുതൽ) സംസ്ഥാനത്തെ എല്ലാ സ്വാശ്രയ പോളിടെക്നിക് സ്ഥാപനങ്ങളിൽ നിന്നും ബോർഡിന് അടയ്ക്കേണ്ട തുടർ അഫിലിയേഷൻ ഫീസിന്റെ കുടിശികയും, പുതിയ സ്വാശ്രയ പോളിടെക്നിക് സ്ഥാപനങ്ങൾക്ക് ബാധകമായ ഇനീഷ്യൽ അഫിലിയേഷൻ ഫീസും (₹7,95,000/-) ഇതുവരെയും അടച്ചിട്ടില്ലാത്ത സ്ഥാപനങ്ങൾ ആയതും അടയ്ക്കേണ്ടതുണ്ട്.

എന്നാൽ, പരിശോധനയിൽ ചില സ്വാശ്രയ പോളിടെക്നിക് സ്ഥാപനങ്ങൾ പ്രസ്തുത ഫീസുകൾ ഇതുവരെയും ഒടുക്കിയിട്ടില്ലെന്ന് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ആയതിനാൽ, സംസ്ഥാനത്തെ എല്ലാ സ്വാശ്രയ പോളിടെക്നിക് സ്ഥാപനങ്ങളുടെയും പ്രിൻസിപ്പൽമാർ/മാനേജ്മെന്റുകൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

1. സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എജ്യൂക്കേഷൻ രൂപീകരിക്കപ്പെട്ടത് മുതൽ (2018 മുതൽ) കുടിശികയായിട്ടുള്ള എല്ലാ തുടർ അഫിലിയേഷൻ ഫീസും പൂർണമായും അടച്ചുതീർക്കേണ്ടതാണ്.
2. ഇതുവരെ ഇനീഷ്യൽ അഫിലിയേഷൻ ഫീസ് (₹7,95,000/-) ഒടുക്കാത്ത സ്ഥാപനങ്ങൾ പ്രസ്തുത തുക അടിയന്തിരമായി അടച്ചുതീർക്കേണ്ടതാണ്.
3. മേൽപ്പറഞ്ഞ എല്ലാ ഫീസുകളും **31/12/2026 ന് മുൻപായി** മെമ്പർ സെക്രട്ടറി, കേരളാ സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ എന്ന പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന ഡി.ഡി ആയി എടുത്ത് ഈ കാര്യാലയത്തിൽ എത്തിച്ച് അഫിലിയേഷൻ ക്രമീകരിക്കണമെന്ന് നിർദ്ദേശം നല്കുന്നു.
4. അപേക്ഷയോടൊപ്പം അതതു വർഷത്തെ AICTE EOA യുടെ പകർപ്പ്, SBTE യുടെ തുടരഫിലിയേഷനായുള്ള അപേക്ഷാ ഫോം എന്നിവ കൂടി ഹാജരാക്കേണ്ടതാണ്.
5. മുൻ വർഷങ്ങളിൽ അധികമായി അഫിലിയേഷൻ തുക അടച്ച് SBTE യുടെ ഇനീഷ്യൽ

അഫിലിയേഷൻ/തുടർ അഫിലിയേഷൻ എന്നിവ നേടിയിട്ടുള്ള സ്ഥാപനങ്ങൾ പ്രസ്തുത അഫിലിയേഷൻ ഉത്തരവിന്റെ പകർപ്പുകൾ, ഫീസ് അടച്ചതിനുള്ള മതിയായ രേഖകൾ എന്നിവ സഹിതം അപേക്ഷ സമർപ്പിച്ച് അധികമായി അടച്ച തുക കുടിശിക ഇനത്തിൽ ക്രമീകരികേണ്ടതാണ്.

6. SBTE യിൽ നിന്ന് ഇനീഷ്യൽ അഫിലിയേഷനോ തുടർ അഫിലിയേഷനോ ഇതിനകം നേടിയിട്ടുള്ള സ്ഥാപനങ്ങൾ, പ്രസ്തുത അഫിലിയേഷൻ അനുവദിച്ച ഉത്തരവുകളുടെ പകർപ്പുകളും ബന്ധപ്പെട്ട അഫിലിയേഷൻ ഫീസ് ഒടുക്കിയതിന്റെ മതിയായ രേഖകളും ഈ ഓഫീസിൽ പരിശോധനയ്ക്കായി ഹാജരാക്കേണ്ടതാണ്.
7. നിശ്ചിത സമയപരിധിക്കുള്ളിൽ ഫീസ് ഒടുക്കുന്നതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിലവിലുള്ള ചട്ടങ്ങളും വ്യവസ്ഥകളും പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

എല്ലാ സ്വാശ്രയ പോളിടെക്നിക് സ്ഥാപനങ്ങളും മേൽ നിർദ്ദേശങ്ങൾ കർശനമായി പാലിക്കേണ്ടതാണ്.

Digitally signed by
Jayaprakash P
Date: 29-07-2026
16:48:37

Dr JAYAPRAKASH P
DIRECTOR

സ്വീകർത്താവ്,

1. ഈ വകുപ്പിന് കീഴിലുള്ള എല്ലാ സ്വകാര്യ സ്വാശ്രയ പോളിടെക്നിക് കോളേജ് സ്ഥാപനമേധാവികൾക്കും (www.dtekerala.gov.in എന്ന വെബ്സൈറ്റ് മുഖാന്തിരം)
2. സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി